**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി
## (2011–2014)

### ഒന്നാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(എറണാകുളം ജില്ലയിലെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ
വില്ലേജിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2011-2014)

## ഒന്നാമത് റിപ്പോർട്ട്

(എറണാകുളം ജില്ലയിലെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ
വില്ലേജിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച്)

344/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| 1. സമിതിയുടെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കേണ്ടവകുപ്പുകളുടെ വിശദവിവരം | .. | 7 |
| 2. പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 8 |
| 3. പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 10 |
| 4. പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 11 |
| 5. പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 12 |

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
„ കെ. അജിത്
„ ഐ. സി. ബാലകൃഷ്ണൻ
„ കോവൂർ കുഞ്ഞുമോൻ
„ പുരുഷൻ കടലുണ്ടി
„ സി. കെ. സദാശിവൻ
„ എൻ. ഷംസുദ്ദീൻ
„ വി. ശശി
„ വി. എം. ഉമ്മർ മാസ്റ്റർ
„ കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്.
ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.
ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
ശ്രീ. റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനാ ശില്പിയായ ഡോ. ബാബാസാഹേബ് അംബേദ്കറുടെ ജൻമശതാബ്ദി പ്രമാണിച്ച് 1990–91 കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രസ്തുത വിഭാഗങ്ങൾ അധിവസിക്കുന്ന 210 പ്രദേശങ്ങൾ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുത്തിരുന്നു. അവയിൽ ഒന്നാണ് എറണാകുളം ജില്ലയിലെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ വില്ലേജ്. എന്നാൽ വിഭാവനം ചെയ്തിരുന്ന പദ്ധതികളൊന്നും നടപ്പിലാകാതെവന്നപ്പോൾ വല്ലാർപാടം സ്വദേശിനി ശ്രീമതി ഭുവനേശ്വരി 7-9-2011-ൽ സമിതിക്ക് പരാതി സമർപ്പിക്കുകയും പ്രസ്തുത പരാതിയിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടേയും 14-2-2012-ൽ എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

വി. പി. സജീന്ദ്രൻ,

*ചെയർമാൻ,*

*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2012 മാർച്ച്, 20.

# റിപ്പോർട്ട്

സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനാശില്പിയായ ഡോ. ബാബാസാഹേബ് അംബേദ്കറുടെ ജന്മശതാബ്ദി പ്രമാണിച്ച് 1990 ഏപ്രിൽ 14 മുതൽ 1991 ഏപ്രിൽ 14 വരെ സംസ്ഥാനത്തുടനീളം നടന്ന ആഘോഷ പരിപാടികളുടെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സർവ്വതോന്മുഖമായ ക്ഷേമത്തിനായി പ്രസ്തുത വിഭാഗങ്ങൾ അധിവസിക്കുന്ന 210 പ്രദേശങ്ങൾ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുക്കുകയുണ്ടായി. അവയിലൊന്നാണ് എറണാകുളം ജില്ലയിലെ മുളവുകാട് പഞ്ചായത്തിലെ 243-ലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന വല്ലാർപാടം-പനമ്പുക്കാട് അംബേദ്കർ വില്ലേജ്. 14-4-1990-ൽ തെരഞ്ഞെടുത്ത പ്രസ്തുത പ്രദേശത്ത് പാർപ്പിടം, റോഡുകൾ, ശുദ്ധജലവിതരണം, വൈദ്യുതി കണക്ഷൻ നൽകൽ, കക്കൂസുകൾ നിർമ്മിക്കൽ, കൃഷി, മണ്ണ് സംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ, മൃഗസംരക്ഷണം, ശ്മശാനത്തിന് ചുറ്റുമതിലും ചൂളയും സാംസ്കാരിക നിലയവും വായനശാലയും സ്ഥാപിക്കുക, പട്ടയ വിതരണം, സംയോജിത ഗ്രാമവികസനം എന്നീ 15 ഇന പരിപാടി നടപ്പിലാക്കാൻ എറണാകുളം ജില്ലാ പ്ലാനിംഗ് ആഫീസ് പദ്ധതി തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ വിഭാവനം ചെയ്തിരുന്ന പദ്ധതികളൊന്നും തന്നെ നടപ്പാക്കാതെ വന്നപ്പോൾ വല്ലാർപാടം സ്വദേശിനിയായ ശ്രീമതി ഭുവനേശ്വരി വിവരാവകാശംവഴി അന്വേഷിച്ചതിൽ ഇതു സംബന്ധിച്ച രേഖകൾ നശിപ്പിച്ചതായിട്ടാണ് എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ ഹർജിക്കാരിയെ അറിയിച്ചത്. തുടർന്ന് ഹർജിക്കാരി, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിക്ക് നൽകിയ പരാതിയിൽ രേഖപ്പെടുത്തിയിരുന്നത് 15-9-2010-ലെ ജി.ഐ.ഡി.എ.(GIDA)-യുടെ യോഗനടപടി കുറിപ്പിൽനിന്നും മനസ്സിലാകുന്നത് ടി വില്ലേജിന് ലഭ്യമാകുമായിരുന്ന തുക ഇതുമായി ബന്ധമില്ലാത്ത വൈറ്റില ബസ് ടെർമിനൽ, വൈപ്പിനിലെ പി.ഡബ്ല്യു.ഡി. പാലത്തിന്റെ അറ്റകുറ്റപ്പണി, എന്നിവയിലേക്ക് വകമാറ്റി ചെലവഴിച്ചതായാണ്. റിയൽ എസ്റ്റേറ്റ് മാഫിയ ടി സ്ഥലങ്ങൾ കുറഞ്ഞ വിലയ്ക്ക് വില്ക്കുന്നതിന് കോളനിക്കാരെ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണെന്നും മാധ്യമസംഘത്തെയും ടി മാഫിയ പ്രസ്തുത സ്ഥലത്തേക്ക് കടത്തിവിടാതിരിക്കുകയാണെന്നും ജി.ഐ.ഡി.എ. (ഗോശ്രീ ഐലന്റ്സ് ഡവലപ്പ്മെന്റ് അതോറിറ്റി)-യുടെ പക്കൽ ദ്വീപുകളുടെ വികസനത്തിനായി 333 കോടി രൂപയുടെ ഫണ്ട് ഉണ്ടെന്നും ആയിരുന്നു. ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് പട്ടികജാതി-പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് കത്തുകളയച്ചിരുന്നു. ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-12-2011, 19-12-2011, 31-12-2011 എന്നീ തീയതികൾപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകൾ ഇതോടൊപ്പം ചേർക്കുന്നു (അനുബന്ധം 2, 3, 4, 5).

2. സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ പരിശോധിച്ച സമിതിക്ക് ബോധ്യമായ ഒരു വസ്തുത പ്രസ്തുത പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി വിഭാവനം ചെയ്ത പദ്ധതികളിൽ ആകെ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് മില്യൺ വെൽ സ്കീം പ്രകാരം 48-ഉം ഇന്ദിരാ ആവാസ് യോജനപ്രകാരം 3-ഉം വീടുകളുടെ നിർമ്മാണം മാത്രമാണെന്നും മറ്റു അടിയന്തിരാവശ്യങ്ങളായ റോഡുകളുടെ നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതി കണക്ഷനുകൾ നൽകൽ എന്നിവ ഇന്നും

നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ബോധ്യപ്പെട്ട സമിതി 14-2-2012-ന് പ്രസ്തുത പ്രദേശം സന്ദർശിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. 14-2-2012-ൽ എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ഹർജിക്കാരിയായ ശ്രീമതി ഭുവനേശ്വരിയെ കൂടാതെ എറണാകുളം ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിവിധ സംഘടനകളുടെ നേതാക്കൾ, വല്ലാർപാടം മുളവുകാട് പ്രദേശത്തെ താമസക്കാർ, മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ ഹാജരായിരുന്നു. ശ്രീമതി ഭുവനേശ്വരി നൽകിയ പരാതിയിൽ പറയുന്നതിന് സമാനമായ ആവശ്യങ്ങൾ നിരത്തി പ്രസ്തുത തെളിവെടുപ്പു വേളയിൽ ശ്രീ. കെ. എം. സയൻ, സെക്രട്ടറി, അംബേദ്കർ ഗ്രാമവികസന സമിതി, പനമ്പുകാട്, വല്ലാർപാടം; ശ്രീമതി ടി. എ. ഇന്ദിര, ചെയർമാൻ, ക്ഷേമകാര്യം, മുളവുകാട് ഗ്രാമപഞ്ചായത്ത; ശ്രീ. കെ. കെ. ശിവൻ, പ്രസിഡന്റ്, കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ, വല്ലാർപാടം വില്ലേജ് കമ്മിറ്റി, വല്ലാർപാടം എന്നിവർ പുതുതായി ഹർജികൾ സമിതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3. വിഭാവനം ചെയ്ത കർമ്മപരിപാടികൾ പ്രാവർത്തികമായിട്ടില്ലെന്ന് വെളിപ്പെടുത്തിയ പശ്ചാത്തലത്തിൽ സമിതി പ്രസ്തുത ഗ്രാമം സന്ദർശിക്കുന്നതിനായി യാത്ര തിരിച്ചു. പ്രസ്തുത പ്രദേശത്ത് ചെന്നെത്തിയ സമിതി കാൽനടയായി യാത്ര ചെയ്ത് അവിടെ അധിവസിക്കുന്നവർ അനുഭവിക്കുന്ന ജീവിതാവസ്ഥ നേരിൽക്കണ്ട് ബോധ്യപ്പെടുകയും പ്രശ്നപരിഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുകയും താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു.

4. എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിൽപ്പെട്ട മുളവുകാട് ഗ്രാമപഞ്ചായത്തിലെ 1, 13, 14, 15, 16 വാർഡുകൾ ചേർത്താണ് 1990-ൽ പനമ്പുകാട്-വല്ലാർപാടം അംബേദ്കർ ഗ്രാമം രൂപീകരിച്ചത്. 243 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഈ പ്രദേശം എറണാകുളം ജില്ലയുടെ മുഖമുദ്രയായ മറൈൻഡ്രൈവിൽ നിന്നും കേവലം 3 കിലോമീറ്റർ മാത്രം ദൂരത്തിലാണ്. നിലവിൽ അന്തർദേശീയ കണ്ടെയ്നർ റിപ്പയറിംഗ് സെന്റർ ആരംഭിച്ചിട്ടുള്ള വല്ലാർപാടം പ്രദേശ ത്തോട് ചേർന്നുകിടക്കുന്നു ഈ പ്രദേശം. ഒരുകാലത്ത് നെൽക്കൃഷി ചെയ്തിരുന്ന പാടങ്ങൾ, കൃഷി നിലച്ചതുമൂലം ഇന്ന് ഓരുവെള്ളം (ഉപ്പുവെള്ളം) കയറിയിറങ്ങുന്ന ചെമ്മീൻ പാടങ്ങളായി മാറിയിരിക്കുന്നു. പാടങ്ങളുടെ വശങ്ങളിലായുള്ള നടവരമ്പുകളും കണ്ടൽകാടുകളും നടവരമ്പുകൾ ചെന്നെത്തുന്നിടത്തായിട്ടുള്ള തുരുത്തിൽ താമസി ക്കുന്ന മൂന്നുനാലു പട്ടികജാതി കുടുംബങ്ങളും അടങ്ങുന്നതാണ് ഈ പ്രദേശത്തിന്റെ പൊതുരീതി. അതുകൊണ്ടുതന്നെ ഒരൊറ്റ പട്ടികജാതി-പട്ടികവർഗ്ഗ കോളനിയെന്ന നിലയിൽ ഈ പ്രദേശത്തെ പരിഗണിക്കാൻ കഴിയില്ല. പക്ഷേ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് ഇവിടത്തെ ഭൂരിപക്ഷ സമൂഹം. ചെമ്മീൻ കൃഷിക്കായി മുളവുകാട് പഞ്ചായത്ത് ലേലം ചെയ്തു കൊടുക്കുന്ന പാടങ്ങളിലേക്ക് ഉപ്പുവെള്ളം കയറ്റി ഇറക്കുന്നതിനുള്ള സ്ലൂഷുകളുടെ നിയന്ത്രണം കൃത്യമായി പാലിക്കാത്തതിനാൽ അധികമായി വേലിയേറ്റ സമയത്ത് കയറുന്ന ഓരുവെള്ളം നടവരമ്പുകളേയും നടപ്പാതകളേയും വെള്ളത്തിനടിയിലാക്കുന്നു. തന്മൂലം വേലിയിറക്കസമയത്ത് വെള്ളം താഴുമ്പോൾ ഈ പാതകൾ ചെളിതങ്ങി ജനങ്ങൾക്ക് നടക്കാൻപോലും സാധിക്കാത്ത

വിധം പ്രയാസകരമാക്കുന്നു. കൂടാതെ ചുറ്റും കെട്ടിക്കിടക്കുന്ന ഉപ്പുവെള്ളംമൂലം ഈ പ്രദേശത്തെ വീടുകളുടെ പ്ലാസ്റ്ററിംഗ് വളരെവേഗം അടർന്നു പോകുകയും ഇഷ്ടിക പൊടിഞ്ഞുപോകുന്നതുമൂലം വീടുകൾ ചുരുങ്ങിയ നാളുകൾക്കകം നശിക്കുന്നതിനും ഇടയാക്കുന്നു. ചെമ്മീൻ കൃഷിയിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക വരുമാനം $5^{1}/_{2}$ ലക്ഷം രൂപ മാത്രമാണെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. എന്നാൽ അത് അശാസ്ത്രീയമായ രീതിയിൽ നടത്തുന്നതുമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പതിന്മടങ്ങാണ്. ആകയാൽ സംസ്ഥാന സർക്കാരിന്റെ കൃഷി വിജ്ഞാനകേന്ദ്രം, ഫിഷറീസ് വകുപ്പ് എന്നിവയുടെ മേൽനോട്ടത്തിൽ ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് പ്രസ്തുത പാടങ്ങളിൽ നിയന്ത്രണ വിധേയമായി മാത്രം ഉപ്പുവെള്ളം കയറ്റി ഇറക്കി ചെമ്മീൻ/മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും അത് പ്രദേശവാസികൾക്ക് ഒരു ജീവിതമാർഗ്ഗമാക്കി മാറ്റുന്നതിനുള്ള നടപടികൾ കൃഷി/മത്സ്യബന്ധന വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പനമ്പുകാട് പ്രദേശത്ത് 1990-91 കാലത്ത് വൈപ്പിൻ ബ്ളോക്ക് തയ്യാറാക്കിയ അംബേദ്കർ ഗ്രാമം കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിച്ച വിവിധ പരിപാടികളിൽ റോഡുകളുടെ വികസനം, ശുദ്ധജലവിതരണം എന്നിവ സംബന്ധിച്ച കർമ്മപരിപാടി ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും അതിൽ ഉൾപ്പെടുത്തിയ രണ്ട് റോഡുകളുടെ വികസനം നടപ്പിൽ വരുത്തിയിട്ടില്ലായെന്ന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ അംബേദ്കർ ഗ്രാമം കർമ്മപരിപാടിപ്രകാരം പനമ്പുക്കാട്-വല്ലാർപാടം ദ്വീപ് നിവാസികളുടെ പുരോഗതിക്കായി നടത്തോടിന്റെ പാർശ്വത്തിലൂടെ പി.ഡബ്ള്യ്യു.ഡി. റോഡിൽ എത്തിച്ചേരുന്ന 840 മീറ്റർ നീളംവരുന്ന റോഡും ശ്മശാനത്തിന് സമീപത്തുള്ള 160 മീറ്റർ നീളംവരുന്ന റോഡും നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുകയും ആയതിന് 3 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത റോഡുകളുടെ നിർമ്മാണം നടന്നിട്ടില്ലായെന്ന് തെളിവെടുപ്പുവേളയിൽ സമിതിക്ക് ബോധ്യമായി.

6. ചുറ്റും തണ്ണീർതടങ്ങളും കണ്ടൽക്കാടുകളാലും ചുറ്റപ്പെട്ടുകിടക്കുന്ന ടി പ്രദേശത്ത് വാഹനങ്ങൾ കടന്നുപോകുന്ന വീതിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിലൂടെ മാത്രമേ ടി പ്രദേശത്തെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനാകുയെന്നും ഇതുസംബന്ധിച്ച് വ്യക്തമായ ഒരു പദ്ധതിയും ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ചിട്ടില്ലായെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിട്ടുണ്ട്. കൂടാതെ 14-2-2012-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് ചെയ്തുവരുന്ന ഒരു പ്രവൃത്തിയെപ്പറ്റിയും സമിതി മുമ്പാകെ വെളിപ്പെടുത്താൻ ഉണ്ടായിരുന്നില്ല.

7. ഈ പ്രദേശം സന്ദർശിച്ചവേളയിൽ സമിതിക്ക് ബോധ്യമായത് GIDA വിഭാവനം ചെയ്തിട്ടുള്ളതും എറണാകുളം ഡെപ്യൂട്ടി ടൗൺ പ്ലാനർ സമിതി മുമ്പാകെ വെളിപ്പെടുത്തിയതുമായ 19 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും ദ്വീപിന് ചുറ്റുമായി പരിരക്ഷ ബണ്ട് നിർമ്മിച്ച് പണിയാൻ പദ്ധതിയിട്ടിട്ടുള്ളതുമായ

റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിലൂടെ മാത്രമേ ഈ പ്രദേശത്തുള്ളവരുടെ യാത്ര ക്ലേശത്തിനും ദ്വീപിനകത്തേക്ക് വേലിയേറ്റസമയത്ത് കയറുന്ന അനിയന്ത്രിതമായ ഉപ്പുവെള്ളത്തിന്റെ പ്രവാഹത്തിനും ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂവെന്നാണ്. ആയതിനാൽ പ്രസ്തുത റിംഗ് ബണ്ട് റോഡിന്റെ പണി അടിയന്തിരമായി ചെയ്തു തീർക്കാനുള്ള നടപടി തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ഗോശ്രീ നികത്തു ഭൂമി വില്പനവഴി ലഭിച്ച തുക ദ്വീപുകളുടെ സമഗ്ര വികസനത്തിന് വിനിയോഗിക്കുന്നതാണെന്ന് GIDA സെക്രട്ടറികൂടിയായ എറണാകുളം ജില്ലാകളക്ടർ ഹൈക്കോടതിയിൽ മൊഴി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഈ ദ്വീപസമൂഹവുമായി ഒരു ബന്ധവുമില്ലാത്ത വൈറ്റില ബസ് ടെർമിനൽ, വൈപ്പിനിലെ പി.ഡബ്ള്യു.ഡി. പാലത്തിന്റെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി വകമാറ്റി ചെലവഴിച്ചതായി സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആകയാൽ GIDA-യുടെ കൈവശമുള്ള 333 കോടി രൂപയിൽ നിന്നും GIDA വിഭാവന ചെയ്തിട്ടുള്ളതും ഈ ദ്വീപിന്റെ പരിരക്ഷയ്ക്കും ദ്വീപുവാസികളുടെ യാത്രാക്ലേശം, ഉപ്പുവെള്ളത്തിന്റെ അനിയന്ത്രിതമായ കയറ്റം എന്നിവ പരിഹരിക്കുന്നതിനും പര്യാപ്തമായ റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം അടിയന്തിരമായി ചെയ്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ശക്തിയായ ഇടപെടൽ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. ദ്വീപിന് ചുറ്റുമായി ഉണ്ടാക്കുന്ന റിംഗ് ബണ്ട് റോഡ് ദ്വീപിന്റെ കരഭൂമിയുടെ പരിരക്ഷയ്ക്കുപുറമേ വേലിയേറ്റ വേലിയിറക്ക സമയത്തുള്ള ഓരുവെള്ളത്തിന്റെ കടന്നു കയറ്റം തടയുന്നതിനും കൃത്യമായി സങ്കേത സംവിധാനത്തിന്റെ പിൻബലത്തോടെ പ്രവർത്തിക്കുന്ന സ്ലൂഷുകൾവഴി ഓരുവെള്ളം കയറ്റി ഇറക്കി പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ വരുമാനമാർഗ്ഗമായ മത്സ്യക്കൃഷി, ചെമ്മീൻകെട്ട് എന്നിവ ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനും വഴിതെളിക്കുമെന്ന് സമിതി വിശ്വസിക്കുന്നു. ആകയാൽ സംസ്ഥാന കൃഷി/മത്സ്യബന്ധന വകുപ്പുകളുടെകീഴിലുള്ള സ്ഥാപനങ്ങൾ ഇതിനുവേണ്ടി സാങ്കേതിക-സാമ്പത്തിക സഹായം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. 1990-91-ലെ അംബേദ്കർ ഗ്രാമം കർമ്മപരിപാടി പ്രകാരം പനമ്പുകാട് പ്രദേശത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളി ലേക്കും കുടിവെള്ളം എത്തിക്കുന്നതിനായി നിലവിലുള്ള പൈപ്പ്ലൈനിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും കൂടുതലായി പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായി കാണുകയും ഇതിലേക്ക് വേണ്ടിവരുന്ന 68,000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നതിനും 1990-91-ൽ വിഭാവനം ചെയ്തുവെങ്കിലും ആയത് നടപ്പിൽവരുത്തിയിട്ടില്ലായെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു.

11. ഉപ്പുവെള്ളം കയറിയിറങ്ങുന്ന ചെമ്മീൻ പാടങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്തെ ജനങ്ങൾ പൂർണ്ണമായും വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തെയാണ് ആശ്രയിക്കുന്നത്. എന്നാൽ ടി ജലവിതരണം ഒന്നിടവിട്ട ദിവസങ്ങളിൽ വളരെ കുറച്ചു

സമയം മാത്രമേ ഇപ്പോഴും ലഭിക്കുകയുള്ളൂ എന്നതിനാൽ ടി പ്രദേശത്ത് ശുദ്ധജല ക്ഷാമം വളരെയധികം നേരിടുന്നുണ്ട്. ആയതിനാൽ മുളവുകാട് ഗ്രാമപഞ്ചായത്ത് 2011-12 വർഷം 'പട്ടികജാതി വിഭാഗത്തിന് ഗാർഹിക കണക്ഷൻ ലഭ്യമാക്കൽ' എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി 6 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി പ്രശ്നം പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും ശുദ്ധജലവിതരണം സംബന്ധിച്ച് 2011-12 വർഷത്തിലെ പ്രോജക്ട് ഉടനടി നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും 14-2-2012-ലെ സമിതിയുടെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ ഗ്രാമം സന്ദർശനസമയത്ത് രേഖകൾ സഹിതം ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുവാനും, മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത വേളയിൽ ഹാജരായ മേല്പറഞ്ഞവർക്ക് ഇതുസംബന്ധിച്ച് വ്യക്തമായ ഒരു പദ്ധതിയും സമിതി മുമ്പാകെ അവതരിപ്പിക്കുവാനുണ്ടായിരുന്നില്ല. ആകയാൽ ഇതുസംബന്ധിച്ച് നിലവിൽ ചെയ്തു വന്ന പരിപാടികൾ അടിയന്തിരമായി മുഴുമിപ്പിക്കുവാനും പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി GIDA/GCDA/KWA എന്നിവയുടെ ഉദ്യോഗസ്ഥന്മാർ അടിയന്തിരമായി യോഗംചേർന്ന് പ്രസ്തുത ആവശ്യത്തിലേക്കുള്ള ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ഈ പ്രദേശത്ത് വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും സ്ട്രീറ്റ്ലൈറ്റ് വലിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ ഇനിയും ഉണ്ടെന്നും പുത്തൻചിറയിൽ പുതിയ റോഡ് പണിയുന്നതിന് തടസ്സമായി നിൽക്കുന്ന പഴക്കമുള്ള തേക്കിൻകഴയിലുള്ള പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 4 ലക്ഷത്തോളം രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ട് ഇതുവരെ ഒരു നടപടിയും ആരംഭിച്ചിട്ടില്ലെന്ന് സ്ഥലവാസികൾ സമിതിയെ ധരിപ്പിക്കുകയുണ്ടായി. സമിതിയുടെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു വസ്തുത പലസ്ഥലത്തും നിലവിലുള്ള ഇലക്ട്രിക് ലൈനുകൾ അപകടകരമാംവിധം താഴ്ന്നുകിടക്കുന്നതായാണ്. അപകടസാദ്ധ്യതയുള്ള പ്രസ്തുത സ്ട്രീറ്റ് ലൈനുകൾ അടിയന്തിരമായി അപകടവിമുക്തമാക്കുവാനും ഇനിയും വൈദ്യുതി ലൈനുകൾ വലിച്ചിട്ടില്ലാത്ത ഭാഗങ്ങളിൽക്കൂടി അടിയന്തിരമായി വൈദ്യുതി ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. മുഖാന്തിരം അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ഊർജ്ജവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

13. ഈ സങ്കേതത്തിൽ ഇനിയും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. കൃഷിയും മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമാക്കി ജീവിച്ചവരുടെ പിൻതലമുറക്കാരാണ് പ്രസ്തുത പ്രദേശത്ത് നിലവിൽ താമസിച്ചു വരുന്ന പട്ടികജാതിക്കാർ. ആകയാൽ ഇവർക്ക് പട്ടയം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ കണ്ടെത്തുന്നതിന് ഒരു അദാലത്ത് സംഘടിപ്പിക്കണമെന്നും പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ റവന്യൂ വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. വേലിയേറ്റ വേലിയിറക്കം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന അഴിമുഖത്തോട് ബന്ധപ്പെട്ടും കൊച്ചി കായലിനോട് ചേർന്നും കിടക്കുന്ന മറൈൻഡ്രൈവ്, കേരള ഹൈക്കോടതി പ്രദേശംമുതൽ ഗോശ്രീ പാലം തുടങ്ങുന്നതു വരെയുള്ള പ്രദേശം എന്നിവിടങ്ങളിൽ നിലവിലുള്ളതിനുപുറമേ അംബരചുംബികളായ നിരവധി കെട്ടിടങ്ങൾ/ഫ്ളാറ്റുകൾ പണിതുവരുന്നതായി സമിതി കാണുകയുണ്ടായി. എന്നാൽ സാധുക്കളായ വല്ലാർപാടം-പനമ്പുകാട് പ്രദേശത്തെ താമസക്കാരായ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് Coastal Regulation Zone (CRZ) നിബന്ധനകളുടെ പേരിൽ കക്കൂസുപോലും പണിയാൻ പഞ്ചായത്തിൽ നിന്നും അനുമതി നൽകുന്നില്ലെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു. ഈ അവസ്ഥയ്ക്ക് ഒരു അടിയന്തിര പരിഹാരം കണ്ടെത്തണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

15. വല്ലാർപാടം അംബേദ്കർ ഗ്രാമത്തിൽ നിലവിലുള്ള ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുന്നതിനും ദഹനത്തിനായി ഒരു ചൂള സ്ഥാപിക്കുന്നതിനുംവേണ്ടിയുള്ള മുറവിളി വർഷങ്ങളായി തുടരുകയാണ്. ഈ ആവശ്യത്തിന് ഒരു അടിയന്തിര പരിഹാരം ഉണ്ടാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലൂടെ മാത്രമേ ഏതു പ്രദേശത്തേയും ജനങ്ങളുടെ ഭൗതീകമായ വളർച്ചയും വികാസവും സാദ്ധ്യമാകൂ എന്ന് സമിതി വിശ്വസിക്കുന്നു. ആകയാൽ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ ഗ്രാമത്തിന്റെ സമഗ്ര പുരോഗതിക്കായി ഏതെല്ലാം തരത്തിലുള്ള ഫണ്ട് വിനിയോഗിക്കാനാകുമെന്നും അവ എവിടെനിന്ന് സ്വരൂപിക്കാനാകുമെന്നും അപ്രകാരം സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ സമഗ്ര വളർച്ചയ്ക്കും പുരോഗതിക്കും ലക്ഷ്യമിടുന്ന ഒരു പ്രോജക്ട് സമയബന്ധിതമായി തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, ആരോഗ്യം, കൃഷി, പൊതു വിദ്യാഭ്യാസം, വ്യവസായം എന്നീ വകുപ്പുകളോട് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പുകൾ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**വി. പി. സജീന്ദ്രൻ,**
*ചെയർമാൻ,*
*പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
20-3-2012.

# അനുബന്ധം 1

## സമിതിയുടെ ശുപാർശകളിന്മേൽ *സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കേണ്ട വകുപ്പുകളുടെ വിശദവിവരം

| ഖണ്ഡിക നമ്പർ | നടപടി സ്വീകരിക്കേണ്ട വകുപ്പുകൾ |
|---|---|
| 4, 9, 16 | കൃഷി വകുപ്പ്, മത്സ്യബന്ധനവും തുറമുഖവും വകുപ്പ് |
| 7, 8, 11, 14, 15, 16 | തദ്ദേശസ്വയംഭരണ വകുപ്പ് |
| 7, 16 | പൊതുമരാമത്ത് വകുപ്പ് |
| 11, 16 | ജലവിഭവ വകുപ്പ് |
| 12 | ഊർജ്ജ വകുപ്പ് |
| 13 | റവന്യൂ വകുപ്പ് |
| 16 | ആരോഗ്യം, പൊതുവിദ്യാഭ്യാസം, വ്യവസായം എന്നീ വകുപ്പുകൾ |

*സ്റ്റേറ്റ്മെന്റിന്റെ 30 കോപ്പികൾ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# അനുബന്ധം 2

## കേരള നിയമസഭ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ ശ്രീമതി ഭുവനേശ്വരി, വല്ലാർപാടം സമർപ്പിച്ച ഹർജിയിന്മേലുള്ള റിപ്പോർട്ട്

ലെറ്റർ നമ്പർ 65069/ഡി.എ3/2011/ത.സ്വ.ഭ.വ. 2011. ഡിസംബർ 16

ഡോ. അംബേദ്കർ ജന്മശതാബ്ദി പ്രമാണിച്ച് സംസ്ഥാനത്ത് നടപ്പാക്കിയ കർമ്മപരിപാടിയനുസരിച്ച് പനമ്പുകാട്-വല്ലാർപാടം അംബേദ്കർ ഗ്രാമത്തിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട കർമ്മപരിപാടികളിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും നിലവിൽ ഓരോന്നിനും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും പ്രസ്തുത പരിപാടികൾ ലക്ഷ്യം കൈവരിച്ചോയെന്നതും നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും 21-12-2011-ൽ സമിതി ടി സ്ഥലം നേരിട്ട് സന്ദർശിക്കുന്നുവെന്നും സൂചിപ്പിച്ചുകൊണ്ട് 3-11-2011, 2-12-2011 തീയതികളിൽ യഥാക്രമം 19293/SC-ST A1/11/Leg., 16375/SC-ST A1/11/Leg. നമ്പർ കത്തുകൾപ്രകാരം താങ്കൾ സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നു. മേൽവിഷയം സംബന്ധിച്ച് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ശ്രീമതി ഭുവനേശ്വരിയുടെ പ്രസ്തുത നിവേദനത്തിൽ സൂചിപ്പിക്കുന്ന 1 മുതൽ 15 വരെയുള്ള കർമ്മപരിപാടിയിൽ പനമ്പുകാട്-വല്ലാർപാടം പ്രദേശത്തെ റോഡ് വികസനം (ക്രമനമ്പർ 2), ശുദ്ധജലവിതരണം (ക്രമനമ്പർ 3) എന്നിവയാണ് തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പുമായി ബന്ധപ്പെട്ടുവരുന്നത്. ഈ രണ്ടു വിഷയങ്ങളിന്മേൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പനമ്പുകാട് പ്രദേശത്ത് 1990-91 കാലത്ത് വൈപ്പിൻ ബ്ലോക്ക് തയ്യാറാക്കിയ അംബേദ്കർ ഗ്രാമം കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിച്ച വിവിധ പരിപാടികളിൽ റോഡുകളുടെ വികസനം, ശുദ്ധജലവിതരണം എന്നിവ സംബന്ധിച്ച കർമ്മപരിപാടി ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും അതിൽ ഉൾപ്പെടുത്തിയ രണ്ടു റോഡുകളുടെ വികസനം നടപ്പിൽ വരുത്തിയിട്ടില്ലായെന്ന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

അംബേദ്കർ ഗ്രാമം കർമ്മപരിപാടിപ്രകാരം പനമ്പുകാട്-വല്ലാർപാടം ദ്വീപു നിവാസികളുടെ പുരോഗതിക്കായി നടത്തോടിന്റെ പാർശ്വത്തിലൂടെ പി.ഡബ്ള്യു.ഡി. റോഡിലെത്തിച്ചേരുന്ന 840 മീറ്റർ നീളംവരുന്ന റോഡും ശ്മശാനത്തിന് സമീപത്തുള്ള 160 മീറ്റർ നീളംവരുന്ന റോഡും നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുകയും ആയതിന് 3 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ കർമ്മപരിപാടിയിൽ വിഭാവനം ചെയ്തിരുന്നതുപോലെ റോഡ് നിർമ്മാണം നടന്നിട്ടില്ലായെന്ന്

അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

ചുറ്റും തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ടി പ്രദേശത്ത് വാഹനങ്ങൾ കടന്നുപോകുന്ന വീതിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിലൂടെ മാത്രമേ ടി പ്രദേശത്തെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനാകൂയെന്നും ഇതു സംബന്ധിച്ച് വ്യക്തമായ ഒരു പദ്ധതിയും ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ചിട്ടില്ലായെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1990–91–ലെ അംബേദ്കർ ഗ്രാമം കർമ്മപരിപാടിപ്രകാരം പനമ്പുകാട് പ്രദേശത്ത് ശുദ്ധജലക്ഷാമം രൂക്ഷമല്ലെങ്കിലും പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിനായി നിലവിലുള്ള പൈപ്പ്ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കൂടുതലായി പൊതു ടാപ്പുകൾ സ്ഥാപിക്കുന്നത് ആവശ്യമായി കാണുകയും ഇതിലേക്ക് വേണ്ടിവരുന്ന 68,000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നതിനും 1990–91–ൽ വിഭാവനം ചെയ്തുവെങ്കിലും ആയത് നടപ്പിൽവരുത്തിയിട്ടില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉപ്പുവെള്ളം കയറിയിറങ്ങുന്ന ചെമ്മീൻ പാടങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്തെ ജനങ്ങൾ പൂർണ്ണമായും വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തെയാണ് ആശ്രയിക്കുന്നത്. എന്നാൽ ടി ജലവിതരണം ഒന്നിടവിട്ട ദിവസങ്ങളിൽ വളരെ കുറച്ചുസമയം മാത്രമേ ഇപ്പോഴും ലഭിക്കുകയുള്ളൂ എന്നതിനാൽ ടി പ്രദേശത്ത് ശുദ്ധജല ക്ഷാമം നേരിടുന്നുണ്ട്. ആയതിനാൽ മുളവുകാട് ഗ്രാമപഞ്ചായത്ത് 2011–12 വർഷം പട്ടികജാതി വിഭാഗത്തിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കൽ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി 6 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ നടപടികൾ ഒന്നും ആരംഭിച്ചില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രദേശത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും ശുദ്ധജലവിതരണം സംബന്ധിച്ച് 2011–12 വർഷത്തിലെ പ്രോജക്ട് ഉടനടി നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും 21–12–2011–ലെ സമിതിയുടെ വല്ലാർപാടം പനമ്പുകാട് അംബേദ്കർ ഗ്രാമം സന്ദർശനസമയത്ത് രേഖകൾ സഹിതം ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുവാനും മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരവും സമിതിയെ അറിയിക്കുന്നു.

*(ഒപ്പ്)*

*സെക്രട്ടറി,*
*തദ്ദേശസ്വയംഭരണ വകുപ്പ്,*
*ഗവൺമെന്റ് സെക്രട്ടേറിയറ്റ്,*
*തിരുവനന്തപുരം.*

## അനുബന്ധം 3

<u>പനമ്പുകാട്-വല്ലാർപാടം അംബേദ്കർ ഗ്രാമം—വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്</u>
<u>കർമ്മപരിപാടി 1990-91-ലെ ഇടക്കാല റിപ്പോർട്ട്</u>

ലെറ്റർ നമ്പർ 65215/ഡി.ഡി1/2011/ത.സ്വ.ഭ.വ. 2011 ഡിസംബർ 19.

സമഗ്ര വികസനത്തിനായി

| ക്രമ നമ്പർ | ക്രമ നമ്പർ | സമഗ്ര വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിവരം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1 | <u>പാർപ്പിടം</u><br>243 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമത്തിലെ ആകെ ജനസംഖ്യ 1201 ആണ്. ഇതിൽ 76 പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ വീടുകളുടെ നിർമ്മാണം ഫിഷറീസ് വകുപ്പ്, ജവഹർ റോസ്ഗർ യോജന, ഇന്ദിര ആവാസ് യോജന എന്നിവയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാവുന്നതാണ്. ഇതിലേക്കായി 6.84 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു. | പനമ്പുകാട്-വല്ലാർപാടം അംബേദ്കർ ഗ്രാമത്തിൽ, ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് ഭവനനിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ദശലക്ഷം കിണർ പദ്ധതി (മില്യൺ വെൽസ്കീം) പ്രകാരം 48-ഉം ഇന്ദിര ആവാസ് യോജന പ്രകാരം 3-ഉം വീടുകളുടെ നിർമ്മാണമാണ് ബ്ലോക്ക് മുഖേന നടപ്പിലാക്കിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു. |
| 2 | 15 | <u>സംയോജിത ഗ്രാമവികസനം</u><br>സംയോജിത ഗ്രാമവികസന പരിപാടിയുടെ ഭാഗമായി പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായത്തിന്റെ തോത് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ സങ്കേതത്തിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനുതകുന്ന വിവിധ തൊഴിലുകളിൽ ഏർപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി ഏകദേശം 1,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. | സംയോജിത ഗ്രാമവികസന പരിപാടി (IRDP) ഇപ്പോൾ നിലവിലില്ല. 1999-ൽ നിർത്തലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം എന്തെങ്കിലും സഹായം നൽകിയിരുന്നുവോ എന്ന വിവരങ്ങൾ ലഭ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം ലഭ്യമായാൽ ഉടൻ അറിയിക്കുന്നതാണ് |

(ഒപ്പ്)
**സെക്രട്ടറി,**
*തദ്ദേശസ്വയംഭരണ വകുപ്പ്,*
*ഗവൺമെന്റ് സെക്രട്ടേറിയറ്റ്,*
*തിരുവനന്തപുരം.*

## അനുബന്ധം 4

ഫോർമാറ്റ്

ലെറ്റർ നമ്പർ 65215/ഡി.ഡി1/2011/ത.സ്വ.ഭ.വ. 2011 ഡിസംബർ 19.

| പരിപാടിയുടെ പേര് | പരിപാടി നടപ്പിലാക്കുന്നതിന് ചുമതലപ്പെട്ട വകുപ്പ്/വകുപ്പുകൾ | അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയതിലൂടെയുള്ള ഭൗതിക നേട്ടം | അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയതിലൂടെയുള്ള സാമ്പത്തിക നേട്ടം |
|---|---|---|---|
| MWS Housing-JRY | ഗ്രാമവികസനം | 48 | 3,96,500 |
| IAY | ഗ്രാമവികസനം | 3 | 27,600 |

*(ഒപ്പ്)*

സെക്രട്ടറി,
*തദ്ദേശസ്വയംഭരണ വകുപ്പ്,*
*ഗവൺമെന്റ് സെക്രട്ടേറിയറ്റ്,*
*തിരുവനന്തപുരം.*

## അനുബന്ധം 5

**കേരള നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ വില്ലേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് ശ്രീമതി ഭുവനേശ്വരി, വല്ലാർപാടം സമർപ്പിച്ച ഹർജിയിന്മേലുള്ള റിപ്പോർട്ട്**

ലെറ്റർ നമ്പർ 65178/ഡി.സി3/2011/ത.സ്വ.ഭ.വ. 2011 ഡിസംബർ 31.

പനമ്പുകാട്-വല്ലാർപാടം അംബേദ്കർ ഗ്രാമത്തിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നതാണ് കേരള നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ ശ്രീമതി ഭുവനേശ്വരി, വല്ലാർപാടം സമർപ്പിച്ച ഹർജിയിലെ ആവശ്യം. അംബേദ്കർ ഗ്രാമത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് ഗ്രാമത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ച 15 ഇന കർമ്മപരിപാടികളിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട 5-ാമത്തെ ഇനം സംബന്ധിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിവരങ്ങൾ സമിതിയെ അറിയിക്കുന്നു.

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട മുളവുകാട് ഗ്രാമപഞ്ചായത്തിലെ 1, 13, 14, 15, 16 വാർഡുകൾ ചേർത്ത് 1990-ൽ പനമ്പുകാട്-വല്ലാർപാടം അംബേദ്കർ ഗ്രാമം രൂപീകരിക്കുകയും സർക്കാർ കർമ്മപദ്ധതിയനുസരിച്ച് 243 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 198 കുടുംബങ്ങൾക്ക് വൃത്തിയുള്ള കക്കൂസുകൾ ഉള്ളതായി കാണുന്നില്ലെന്ന് കണ്ടെത്തിയതിനാൽ സാമൂഹ്യവികസന വകുപ്പിന് പ്രത്യേക ഘടകപദ്ധതിയിൽ ലഭ്യമായിട്ടുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇതിനായി വിനിയോഗിക്കുന്നതാണെന്നും എല്ലാ വീടുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി 2,37,600 രൂപ ആവശ്യമാണെന്നും കർമ്മപദ്ധതിയിൽ പ്രസ്താവിച്ചിരുന്നു.

2003-ൽ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ അംബേദ്കർ ഗ്രാമം ഉൾപ്പെടുന്ന മുളവുകാട് ഗ്രാമപഞ്ചായത്തിൽ 1139 വ്യക്തിഗത കക്കൂസുകൾ ആവശ്യമാണെന്ന് കണ്ടെത്തുകയും 2011 ജനുവരിയിലെ കണക്കുപ്രകാരം 1139 വ്യക്തിഗത കക്കൂസുകളുടേയും നിർമ്മാണം ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശത്ത് നടത്തിയ പരിശോധനയിൽ ഗ്രാമപ്രദേശത്ത് കക്കൂസ് സൗകര്യം ലഭ്യമില്ലാത്ത കുടുംബങ്ങൾ ഒന്നുംതന്നെയില്ലെന്ന് കാണുന്നു. എന്നാൽ മക്കളുടെ വിവാഹത്തെ തുടർന്ന് പുതിയ കുടുംബങ്ങൾ രൂപപ്പെടുകയും ഭാഗം വച്ച് പിരിയുകയും ചെയ്ത കുടുംബങ്ങൾക്ക് എല്ലാവർക്കുംകൂടി ഒരു കക്കൂസ് മാത്രം ഉള്ള സാഹചര്യം നിലവിലുണ്ട്. ഈ പ്രദേശത്ത് തീരദേശ സംരക്ഷണ നിയമം ബാധകമായതിനാൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് തടസ്സം വരികയും, തന്മൂലം പുതിയ കക്കൂസുകൾ നിർമ്മിക്കപ്പെടാത്ത സ്ഥിതിയുമുണ്ട്. ഇനിയും കക്കൂസ് ആവശ്യമുള്ള കുടുംബങ്ങൾക്ക് പഞ്ചായത്തിലെ റ്റി.എസ്.സി. (ടോട്ടൽ സാനിറ്റേഷൻ കാംബയിൻ) അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഉപയോഗിച്ച് കക്കൂസ് അനുവദിക്കാവുന്നതാണെന്ന് ഗ്രാമ പഞ്ചായത്തിന് ശുചിത്വമിഷൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഒപ്പ്)
സെക്രട്ടറി,
*തദ്ദേശസ്വയംഭരണ വകുപ്പ്,*
*ഗവൺമെന്റ് സെക്രട്ടേറിയറ്റ്,*
*തിരുവനന്തപുരം.*